(എൽ) കൊല്ലം എസ്.എൻ.കോളേജ് സമരവുമായി ബന്ധപ്പെട്ട് മൊത്തം 14 കേസുകൾ എടുത്തിട്ടുണ്ട്. എസ്.എഫ്.ഐ-ക്കാർക്കെതിരെ 9 കേസുകളും കെ.എസ്.യു.ക്കാർക്ക് എതിരായി ഒന്നും എസ്.എഫ്.ഐ/സി.പി.എം/ഡി.വൈ.എഫ്.ഐ ക്കാർക്കെതിരെ ഒരു കേസും, എ.ഐ.എസ്.എഫ്./എ.ഐ.വൈ.എഫ്-ക്കാർക്കെതിരെ 2 കേസ്സും എസ്.എൻ.ഡി.പിക്കാർക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എം) ഇപ്പോൾ പരിഗണനയിലില്ല.

'സാംക്രമികരോഗങ്ങൾ തടയാൻ നടപടി'

12(*8) ശ്രീ. വി. കെ ചന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കോളറ, ടൈഫോയിഡ്, എലിപ്പനി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് ഏതാനുംപേർ മരിക്കാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്ക പ്രദേശങ്ങളിലാണ് കോളറ ബാധയുണ്ടായതെന്നും രോഗികൾ മരിക്കാനിടയായതെന്നും വെളിപ്പെടുത്തുമോ ;

(സി) പകർച്ചവ്യാധിയെ തുടർന്ന് സംസ്ഥാനത്തൊട്ടാകെ ജാഗ്രത പുലർത്തേണ്ടതായ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മലിനജലം കെട്ടികിടക്കുന്നതും പഴകിയതും പൊട്ടിയതുമായ ജലസേചന പൈപ്പുകളിലൂടെ അണുക്കൾ ജനങ്ങളിൽ എത്തിച്ചേരുന്നത് ഒഴിവാക്കുന്നതിന് ജലസേചനവകുപ്പുമായി സംയോജിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ കണ്ടുപിടിക്കാനും പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്യാനുമായി ഒരു സ്ഥാപനം തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിതമായ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ജി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധി ഫലപ്രദമായി തടയുന്നതിന് മുൻകരുതൽ നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ വയറിളക്കരോഗങ്ങളും ടൈഫോയിഡ്, എലിപ്പനി തുടങ്ങിയ രോഗങ്ങളും ബാധിച്ച് ഏതാനും പേർ മരിക്കാനിടയായിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിലെ കുറിച്ചി, കുമരകം, പാറംപുഴ, പേരൂർ, കറുകച്ചാൽ, തട്ടാശ്ശേരി, കല്ലറ, കാണക്കാരി, കിടങ്ങൂർ, തൃക്കൊടിത്താനം, തോട്ടക്കാട്, ചെന്തിപ്പുഴ, വൈക്കം, ഇടയാഴറ, നടുവിള, എന്നീ ഭാഗങ്ങളിലാണ് ഛർദ്ദി, അതിസാരരോഗബാധയുണ്ടായതുമൂലം രോഗികൾ മരിക്കാനിടയായത്.

(സി) ഉണ്ട്. പകർച്ചവ്യാധികൾ തടയുന്നതിന് സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. വായുവിൽ കൂടി പകരുന്ന രോഗങ്ങൾ തടയാൻ രോഗപ്രതിരോധ കുത്തിവയ്പുകൾ കുട്ടികൾക്ക് നിർബന്ധമായും നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ളത്തിൽ കൂടിയും, ആഹാരത്തിൽ കൂടിയും പകരുന്ന രോഗങ്ങളായ പോളിയോ, മഞ്ഞപിത്തം, വയറിളക്കരോഗങ്ങൾ എന്നിവ തടയുന്നതിന് ആഹാരസാധനങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുകയും വ്യക്തിശുചിത്വം പാലിക്കുകയും, ശുദ്ധജലം അല്ലെങ്കിൽ തിളപ്പിച്ചാറ്റിയ ജലം കുടിക്കുകയും ചെയ്യുന്നത് ശീലിക്കാൻ വിവിധ മാധ്യമങ്ങളിൽ കൂടി ജനങ്ങളെ ബോധവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജലസ്രോതസ്സുകളും ക്ലോറിനേറ്റു ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വെക്ടർ വഴി പകരുന്ന രോഗങ്ങളായ മലേറിയ, മന്ത്, എലിപ്പനി, തുടങ്ങിയവ തടയുന്നതിന് വെക്ടറിനെ നിയന്ത്രിക്കുന്നതിനും കൊതുകുകളെയും, കൂത്താടികളെയും നശിപ്പിക്കുന്നതിനും മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുണ്ട്. എലിനശീകരണ നടപടികളും സ്വീകരിച്ചുവരുന്നു. രോഗചികിത്സക്കുള്ള സംവിധാനങ്ങൾ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ആവശ്യമായ മരുന്നുകളും ട്രിപ്പുകളും ആരോഗ്യവകുപ്പ് സർക്കാർ ആശുപത്രികൾക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും നൽകിവരുന്നു. കീടനാശിനിയും ഡി.ഡി.ടിയും തളിച്ച് കൊതുകുകളെയും കൂത്താടികളെയും നശിപ്പിച്ചുവരുന്നു. വയറിളക്കരോഗങ്ങളെ നിയന്ത്രിക്കാൻ പാനീയ ചികിത്സ പ്രാത്സാഹിപ്പിക്കുവാൻ 'ഒ.ആർ.ടി. കോർണർ' ജില്ലാ ആശുപത്രി മുതൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വരെയുള്ള ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഒ.ആർ.എസ്.പൗഡർ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. കഞ്ഞിവെള്ളം, കരിക്കിൻവെള്ളം തുടങ്ങിയ പാനീയങ്ങൾ വീടുകളിൽ തന്നെ വയറിളക്കരോഗങ്ങൾ തടയുന്നതിന് ഉപയോഗിക്കുവാൻ ബോധവൽക്കരിക്കുന്നുണ്ട്. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി, ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി, മറ്റ് പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ എന്നിവ സംസ്ഥാനത്ത് നടത്തുന്നുണ്ട് പകർച്ചവ്യാധികൾ തടയുന്നതിന് ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തുന്നുണ്ട്. കൂടാതെ റേഡിയോ, ടെലിവിഷൻ, ദിനപത്രം തുടങ്ങിയ മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം നടത്തുന്നുണ്ട്. ആരോഗ്യവകുപ്പിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കർമ്മസമിതികൾ (റാപ്പിഡ് ആക്ഷൻ ഫോഴ്സ്, ടാസ്ക്ഫോഴ്സ്) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പകർച്ചവ്യാധി തടയുന്നതിനായി സെൽ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഴകിയതും പൊട്ടിയതുമായ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുവാനും, പൊതുജലവിതരണ ശൃംഖലകളിൽ റസിഡ്യുയൽ ക്ലോറിനേഷൻ നടത്തുവാനും ജലസേചന വകുപ്പിന് നിർദ്ദേശം നൽകാറുണ്ട്.

(ഇ) പകർച്ചവ്യാധികൾ തടയുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി നാഷണൽ ഡിസീസ് സർവയിലൻസ് പ്രോഗ്രാമിന്റെ ഭാഗമായി ഒരു സർവയിലൻസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. എപ്പിഡമിക് കൺട്രോൾ സെൽ സംവിധാനം ഇപ്പോൾതന്നെ ഓരോ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. ഒരു പ്രത്യേക കാലയളവിൽ കമ്മിറ്റി കൂടി രോഗത്തിന്റെ അതാതു സമയത്തുള്ള നില മനസ്സിലാക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കോട്ടയം ജില്ലയിൽ ഒരു കാർഡ് റിപ്പോർട്ടിംഗ് സിസ്റ്റം പ്രവർത്തിച്ചുവരുന്നു. ആലപ്പുഴയിലും ഇത് ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(എഫ്&ജി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭദിശയിലാണ്.

(എച്ച്) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധി ഫലപ്രദമായി തടയുന്നതിന് എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. വായുവിൽ കൂടി പകരുന്ന രോഗങ്ങൾ തടയാൻ രോഗപ്രതിരോധ കുത്തിവയ്പുകൾ കുട്ടികൾക്ക് നിർബന്ധമായും നൽകാനുള്ള നടപടികൾ സ്വീകാര്യമാക്കി. പോളിയോ, മഞ്ഞപിത്തം, വയറിളക്കരോഗങ്ങൾ എന്നിവ തടയുന്നതിന് ആഹാരസാധനങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുകയും വ്യക്തിശുചിത്വം പാലിക്കുകയും ശുദ്ധജലം അല്ലെങ്കിൽ തിളപ്പിച്ചാറ്റിയ ജലം കുടിക്കുകയും ചെയ്യുന്നത് ശീലിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാൻ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വെക്ടർ വഴി പകരുന്ന രോഗങ്ങളായ മലേറിയ, മന്ത്, എലിപ്പനി എന്നിവ തടയുന്നതിന് വെക്ടറിനെ നിയന്ത്രിക്കുന്നതിനും കൊതുകുകളെയും കൂത്താടികളെയും നശിപ്പിക്കുന്നതിന് മാർഗ്ഗങ്ങളുപയോഗിക്കുന്നുണ്ട്. എലിനശീകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു.

റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് നടപടി

13(*10) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എളമരം കരീം :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly